# 287

സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തിടുമേ
ദേവാധിദേവനെ രാജാധിരാജാവെ വാഴ്ത്തി വണങ്ങിടുമേ

1 അത്ഭുതനിത്യസ്നേഹം എന്നിൽ സന്തതം തന്നിടും ദൈവസ്നേഹം
എന്നും മാറാത്ത ദിവ്യ സ്നേഹം എന്നിൽ വസിക്കും സ്നേഹം-

2 ജ്യോതിയായ് കാണും സ്നേഹം ഉള്ളിൽ
ജീവൻ തന്നു എന്നെ വീ    സ്നേഹം
ത്യാഗം സഹിച്ച ക്രൂശിൻ സ്നേഹം ദിവ്യമധുര സ്നേഹം-

3 മായാലോകത്തിൻ മോഹം തേടി ശാപമേറ്റ എന്നെ വീ    സ്നേഹം
എന്നെത്തേടിയ ദിവ്യസ്നേഹം എന്നിൽ പെരുകും സ്നേഹം

4 ജീവനേകിയ സ്നേഹം സർവ്വ-
ലോകത്തിൻ ശാപത്തെ നീക്കും സ്നേഹം
ജീവശക്തിയാം ക്രൂശിൻ സ്നേഹം ഉള്ളം കവരും സ്നേഹം

5 വാക്കുമാറാത്ത സ്നേഹം തിരുവാഗ്ദത്തം
തന്നെന്നെ നിർത്തും സ്നേഹം
സർവ്വ വല്ലഭനാമെൻ നാഥാ! സ്തോത്രം സ്തുതി നിനക്കേ-